I/150082/2023

File No :LR/9268/2023-LR(C2) Date:11-09-2023

e-Office CRU ID:- cru.lrctvm@kerala.gov.in

**ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**

**(ഹാജർ :Dr A KOWSIGAN IAS )**

വിഷയം :- ഭൂമി ഏറ്റെടുക്കൽ - തിരുവനന്തപുരം ജില്ല - തിരുവനന്തപുരം ജില്ല, വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ വർക്കല ബൈപാസ് നിർമ്മാണം - പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ആർ.ആർ.പാക്കേജ് അംഗീകരിച്ച് ഉത്തരവാകുന്നത് - സംബന്ധിച്ച്

**സൂചന :-** തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25-07-23 ,01-09-23 തീയതികളിലെ K3/10543/18 നമ്പർ കത്ത്

തിരുവനന്തപുരം ജില്ല, വർക്കല താലൂക്കിൽ വർക്കല വില്ലേജിൽ വർക്കല ബൈപാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 519.1797 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 21-12-21 ലെ G.O.(Rt)No.4634/2021/RD നമ്പർ ഭരണാനുമതി ഉത്തരവ് സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. RFCTLARR Act പ്രകാരമുള്ള 4(1) വിജ്ഞാപനം 19.02.2022 ലെ 572 നമ്പർ അസാധാരണ ഗസറ്റിലും 11(1) പ്രാഥമിക വിജ്ഞാപനം 27-10-22 ലെ 3652 നമ്പർ (വാല്യം 10) അസാധാരണ ഗസറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. പ്രാഥമിക വിജ്ഞാപനത്തിൽ ഉൾപ്പെടാത്ത സർവ്വേ നമ്പറുകൾ കൂടി ഉൾപ്പെടുത്തി 06-03-23 ലെ 818 നമ്പർ, 22.06.23 ലെ 2095 നമ്പർ അസാധാരണ ഗസറ്റ് പ്രകാരം ഭേദഗതി വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 43 (1), ജി.ഒ(പി) 590/15/ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരംഎൽ.എ.ഡെപ്യൂട്ടി കളക്ടറെ അതാത് ജില്ലയിലെ അഡ്മിനിസ്ട്രേറ്റർ ആയി നിയോഗിച്ചിട്ടുള്ളതാണ്. 29.12.2017 ലെ ജി.ഒ.(എം.എസ്) 448/2017/ആർ.ഡി.പ്രകാരമാണ് ആർ.ആർ. പാക്കേജ് തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം അഡ്മിനിസ്ട്രേറ്റർ തയ്യാറാക്കിയ കരട് പാക്കേജ്, ഫോറം 9 നോട്ടീസ് എന്നിവ 07-05-23 തീയ്യതിയിലെ കേരള കൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ആർ & ആർ പാക്കേജിനെ സംബന്ധിച്ച പൊതു വിചാരണ 19-05-23 ന് അഡ്മിനിസ്ട്രേറ്ററുടെ അദ്ധ്യക്ഷതയിൽ നടത്തിയിട്ടുള്ളതുമാണ്.

ആർ.എഫ്.സി.റ്റി.എൽ.എ.ആർ.ആർ. ആക്ട് സെക്ഷൻ 44, 11.11.2015 ലെ ജി.ഒ(പി)589/1ആർ.ഡി.നമ്പർ ഉത്തരവ് പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള പാക്കേജ് അംഗീകരിക്കുന്ന കമ്മീഷണറായി ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്.

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സർവ്വേ നമ്പർ | പേര് | ജി.ഒ(എം.എസ്) 448/ 17/ആർ.ഡി. തീയതി 29/12/2017 പ്രകാരമുള്ള ഘടകങ്ങൾ | തുക (R S ) |
|---|---|---|---|---|
| 1 | 126/63 | ശ്രീ.വിനോദ് കുമാർ.എം. | 13 | 30000 |
| 2 | 127/15 | ശ്രീ.ശശി.ജി. | 13 | 30000 |
| 3 | 127/238 | ശ്രീ.അരുൾ കുമാർ | 7 | 50000 |
| 4 | 59/64 | ശ്രീ.സുനിൽ ദത്ത്കെ . | 1, 5, 6, 10 | 4,60,000/- |
| ആകെ | | | | 5,70,000/- |

**(ആകെ അഞ്ച് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം)**

ജില്ലാ കളക്ടർ സമർപ്പിച്ച പാക്കേജ് വിശദമായി പരിശോധിച്ചതിൽ, 2015 ലെ പൊന്നുംവില ചട്ടം 21 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുള്ളതായി കാണുന്നു. പൊതു ആവശ്യത്തിനായി ഭൂമി വിട്ടു നൽകിയവർക്ക് പുനരധിവാസ പാക്കേജ് നിയമപ്രകാരം നൽകേണ്ടതുണ്ട്. മേൽ സാഹചര്യത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ള ആർ & ആർ പാക്കേജ് അംഗീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

എൽ.എ.ആർ.ആർ. ആക്ട് 2013, സെക്ഷൻ 18 പ്രകാരം പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അംഗീകരിക്കപ്പെട്ട സ്കീം പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനി സിപ്പൽ കോർപ്പറേഷനുകളിലും, ജില്ലാ കളക്ടർ, സബ് ഡിവിഷണൽ മജിസ്ട്രേറ്റ്, തഹസിൽദാർ എന്നിവരുടെ ഓഫീസുകളിൽ പ്രാദേശിക ഭാഷയിൽ ലഭ്യമാക്കുന്ന തിനും ബാധിക്കപ്പെട്ട പ്രദേശങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനും, ചട്ടം 21 (6) പ്രകാരം പദ്ധതി പ്രദേശത്ത് പ്രചാരത്തിലുള്ള ഏതെങ്കിലും മലയാളം ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനും ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

**Signed by Dr A Kowsigan Ias**
**Date: 11-09-2023 14:21:33**

I/150082/2023

Dr A KOWSIGAN IAS, COMMISSIONER C L R, O/o Commissioner CLR

പകർപ്പ് : ജില്ലാ കളക്ടർ

തിരുവനന്തപുരം